"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/363/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-03-2024

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കറവപശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - ടെണ്ടർ/ഇ-ടെണ്ടർ വഴി കാലിത്തീറ്റ വാങ്ങുമ്പോൾ ഗുണനിലവാരം ഉറപ്പാക്കുന്നത് - സ്റ്റേറ്റ് ഡയറി ലാബിന്റെ പരിശോധന റിപ്പോർട്ട് നിർബന്ധമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ, തീയതി 28.05.2022
2. സ.ഉ.(സാധാ) നം.484/2023/LSGD; തീയതി 25.02.2023

************************

കറവപശുക്കൾക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്നതിന് കേരള ഫീഡ്സിൽ നിന്നോ, മിൽമ ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റ മിൽമയിൽ നിന്നോ വാങ്ങുന്നതിനും, കൂടാതെ ഗുണനിലവാരം ഉറപ്പാക്കി ടെണ്ടർ/ഇ-ടെണ്ടർ വഴി മറ്റിടങ്ങളിൽ നിന്നും, കേരള ഫീഡ്സിന്റെയും മിൽമയുടെയും വിലയിൽ അധികരിക്കാതെ വാങ്ങുന്നതിനും സൂചന 1 സബ്സിഡി മാർഗ്ഗരേഖ (ഖണ്ഡിക 6.3.16) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ട്. ടെണ്ടറിലൂടെ വാങ്ങുന്ന കാലിത്തീറ്റയുടെ ഉൽപാദകർ, ഗുണനിലവാരം ഉറപ്പാക്കാൻ കേരള വെറ്റിനറി സർവ്വകലാശാല /മൃഗസംരക്ഷണ വകുപ്പിന്റെ സാക്ഷ്യപത്രം നൽകണമെന്നും, ഇത് ഉണ്ട് എന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണമെന്നും സൂചന 2 പ്രകാരം വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് ആയതു പ്രകാരം വിശദീകരിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനം ടെണ്ടർ/ഇ-ടെണ്ടറിലൂടെ വാങ്ങുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി, അത് ഗുണനിലവാരമുള്ളതാണെന്ന ക്ഷീരവികസന വകുപ്പിന്റെ എൻ.എ.ബി.എൽ അക്രഡിറ്റഡ് ലാബായ സ്റ്റേറ്റ് ഡയറി ലാബിന്റെ പരിശോധന റിപ്പോർട്ട് വിതരണക്കാരനിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) വാങ്ങിയിരിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
10. ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. മൃഗ സംരക്ഷണ (എഫ്) വകുപ്പ് (F2/147/2022-AH)
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 14-03-2024 10:05:05

സെക്ഷൻ ഓഫീസർ.